Registered No. M-4485
Madras War Review, Malayalam—28-7-1944

UNIVERSITY LIBRARY MADRAS


# യുദ്ധസഞ്ചിക

വോള്യം III] മദിരാശി: 1944 ജൂലായി 28-ാംനു, വെള്ളിയാഴ്ച [ലക്കം 47

## വിധിയുടെ ഗതി കാണുന്നു

ജർമ്മനിക്കുള്ളിൽ നടക്കുന്ന സംഭവങ്ങൾ കണ്ടാൽ ജർമ്മൻ സൈന്യനായകന്മാരു വിധിയുടെ ഗതി അറിഞ്ഞതുപോലെ ഇരിക്കുന്നു. ഹിററ്ലർ ജർമ്മൻകാരുടെ അധികാരാർത്തിയുടെ മൂർത്തിയാണ്. മൂർത്തി നശിച്ചുകഴിഞ്ഞാലും, അതിനെ ആവിർഭവിപ്പിച്ചതായ തേജസ്സിനെ ഇല്ലാതാക്കുവാനുള്ള ശ്രമം ചെയ്യാതെ കഴികയില്ല. മേലിൽ പുനരുദ്ധാരണം ചെയ്കയില്ലെന്നുള്ളവിധം ഈ തേജസ്സിനെ ഇത്തവണ നശിപ്പിക്കുന്നതായിരിക്കും. യുദ്ധമോഹികളായ കൂട്ടക്കാരിൽ ഒരുവനാണ് ഹിററ്ലർ. ഇത്തവണ ഈ കൂട്ടരെ നാം ഒട്ടാകെ നശിപ്പിക്കണം. എത്ര കഠിനമായ ശിക്ഷ നൽകിയാലും മരണമൂർത്തന്മാരായ ജർമ്മനിയുടെയും ജാപ്പാന്റെയും ദുഷ്ട് തീരെ നശിച്ചുപോകുന്നതല്ല.

—ആന്തൊണി ഈഡൻ, ജൂലായി 24-ാം തിയ്യതി



ആന്തൊണി ഈഡൻ

വിഷയവിവരം


| | ഭാഗം | | ഭാഗം |
|---|---|---|---|
| വിധിയുടെ ഗതി കാണുന്നു | 1 | ഇററാലിയൻ രംഗത്തിലെ സംഭവങ്ങൾ | 6, 7 |
| മഹദ്വാക്യങ്ങൾ : മിത്ഥ്യയാകയില്ല | 2 | യുദ്ധാനന്തരജീവിതം | 10 |
| ആഴ്ചക്കുറിപ്പുകൾ | 3, 4 | മാമ്പഴപ്രശസ്തി | 11, 12 |
| പ്രത്യേക ലേഖനങ്ങൾ | 5, 8, 9 | | |


# മഹദ്വാക്യങ്ങൾ : മിത്ഥ്യയാകയില്ല

## കാൎയ്യങ്ങൾ മുറക്ക് നടക്കുന്നു

"യൂറോപ്പിലേക്കുള്ള ആക്രമണം ആരംഭിച്ച ദിവസം സൈന്യ ഉദ്യോഗസ്ഥന്മാരോടു ഞാൻ പറഞ്ഞതു് ഐക്യകക്ഷികൾ തങ്ങളുടെ ജോലി വേണ്ടതുപോലെ ചെയ്യുന്നപക്ഷം ഇക്കൊല്ലംതന്നെ ജൎമ്മനിയെ യുദ്ധത്തിൽനിന്നു പിടിച്ചു പുറത്തുതള്ളുവാൻ സാധിക്കുമെന്നായിരുന്നു. ഇപ്പോഴും എന്റെ അഭിപ്രായം അതുതന്നെയാണ്. ഇക്കൊല്ലം ജൎമ്മനി യുദ്ധത്തിൽനിന്നു് പുറത്തുപോകുമെന്നാണ് ഇപ്പോഴും എനിക്കുള്ള വിശ്വാസം. മൊത്തത്തിൽ പറകയാണെങ്കിൽ കാൎയ്യങ്ങളെല്ലാം കൃത്യമായി നടക്കുന്നു. അനവധി ജൎമ്മൻകാരെ പട്ടികയിൽനിന്നു് തള്ളിക്കളയുമാറുള്ള റഷ്യൻ രംഗത്തിലെ വിജയങ്ങൾ പൊടിപൊടിക്കുന്നുണ്ടു്. കാൎയ്യങ്ങൾ ജോറായി നടന്നുപോകുന്നു. പക്ഷെ ജൎമ്മൻകാരൻ തടുത്തുനിന്നുകൊണ്ടുള്ള തല്ലിന്നു് മിടുക്കനാണെന്നുള്ള സംഗതി നിങ്ങൾ മറക്കേണ്ട."

—ജനറൽ മണ്ട്ഗോമറി, ജൂലായി 17-ാം തിയ്യതി

❖ ❖ ❖ ❖

## ജാപ്പാന്റെ സ്ഥിതി വളരെ മോശമാവും

"ശാന്തസമുദ്രരംഗത്തിൽ ഇക്കൊല്ലം പുതിയ ബ്രിട്ടീഷ് സൈന്യങ്ങൾ യുദ്ധം ചെയ്യുന്നതായിരിക്കും. ബ്രിട്ടീഷുകാരുടെ യുദ്ധോദ്യമങ്ങൾ പൂൎണ്ണമായി ഈ രംഗത്തിലേക്കു തിരിച്ചുവിടുവാൻ ജൎമ്മനിയുടെ പരാജയത്തിന്നുശേഷമേ ആവുകയുള്ളുവെങ്കിലും, അതിശക്തരായ സൈന്യങ്ങളെ അനവധി ഇക്കൊല്ലംതന്നെ ഇവിടെക്കു കൊണ്ടുവരുവാനും ബ്രിട്ടന്റെ യുദ്ധപരിശ്രമങ്ങളുടെ കാൎയ്യപരിപാടി ഗൌരവമായി തുടൎന്നുപോകാനും സാദ്ധ്യമാകുന്നതാണ്. കടൽസൈന്യ ശക്തിയിൽ ഇപ്പോൾതന്നെ മെച്ചം കൊണ്ടുചാടിട്ടുള്ള നമുക്കു് ജാപ്പാനേക്കാൾ എത്രയോ ജാസ്തിയായ കപ്പൽസൈന്യം ഉണ്ടായിരിക്കും. ബ്രിട്ടന്റെയും അമേരിക്കയുടെയും പൂൎണ്ണശക്തി കരയിലും ആകാശത്തിലും ഒരുപോലെ ജാപ്പാന്റെ നേരെ വന്നുചേൎന്നാൽ ഹിററ്ലർ തോല്ക്കുന്നപോലെയുള്ള വമ്പിച്ച തോലി ജാപ്പാനും വന്നുചേരും."

—ജോൺ കൎട്ടിൻ, ആസ്ത്രേലിയൻ പ്രധാനമന്ത്രി, ജൂലായി 17-ാം തിയ്യതി

❖ ❖ ❖ ❖

## രണ്ടു പ്രധാന ദുഃഖങ്ങളാണ് ജാപ്പാനെ അലട്ടുന്നതു്

"ജാപ്പാനിലേക്കു് എത്തിച്ചേരാൻ അനവധി വിമാനസങ്കേതങ്ങൾ പണിചെയ്തു കഴിഞ്ഞിരിക്കുന്നുവെന്നു് ജാപ്പാനു് അറിയാം. അമേരിക്കയുടെ കടൽസൈന്യം ജാപ്പാന്റെ കപ്പലുകൾ അനവധി മുക്കുന്നുണ്ടെന്നും, തന്മൂലം കടൽമാൎഗ്ഗമായുള്ള ഗതാഗതത്തിന്നു് മോഷം പററുന്നുണ്ടെന്നും ജാപ്പാനു് അറിയാവുന്നതാണ്."

—മി. കങ്ങ്, ചൈനയുടെ പ്രതിനിധി, ബ്രററൻവുഡ്സ് കോൺഫറൻസ്, ജൂലായി 16-ാം തിയ്യതി

"മലബാറിലേക്കു് ഭക്ഷണധാന്യങ്ങൾ എത്തിക്കുന്ന കാര്യത്തെക്കുറിച്ചു് ഞാൻ പ്രത്യേകം ശ്രദ്ധവെക്കുന്നുണ്ടു്. ഇരുപതിനായിരം ടൺ കൊണ്ടുപോകേണമെങ്കിൽ അതിനുംകൂടിയുള്ള റെയിൽവെ ഗതാഗതസൌകര്യവും ഞാൻ ചെയ്തുവെച്ചിരിക്കുന്നു. ഇതിനെ സംബന്ധിച്ചു് വല്ലവർക്കും വല്ല സംശയവും ഉണ്ടെങ്കിൽ ഒരന്വേഷണം നടത്തുന്നതു് റെയിൽവെ അധികൃതന്മാർക്കു് എപ്പോഴും സമ്മതമാണു്." ഇന്ത്യാ ഗവമ്മേണ്ടിലെ ഗതാഗതകാര്യ മെമ്പർ സേർ എഡ്‌വർഡ് ബെന്താൾ ഇങ്ങിനെയൊരഭിപ്രായമായിരുന്നു ഒരു പത്രപ്രതിനിധിയോടുണ്ടായ അഭിമുഖസംഭാഷണത്തിൽ പ്രസ്താവിച്ചതു്. അദ്ദേഹം തുടർന്നു പറഞ്ഞു: "മലബാറിലെ ഭക്ഷണകാര്യസ്ഥിതി വളരെ തൃപ്തികരമാകുംവിധത്തിൽ ഭേദപ്പെട്ടിരിക്കുന്നു; പക്ഷെ, ഇനിയും ജാഗ്രതയായിട്ടുതന്നെ ഇരിക്കേണ്ടതാണു്."

## ഇന്ത്യയിലെ ഭക്ഷണം

കഴിഞ്ഞ 25-ാം തിയ്യതി ഇന്ത്യയിലെ ഭക്ഷണകാര്യത്തെക്കുറിച്ചു് ബ്രിട്ടീഷ് പാർലിമെണ്ടിന്റെ പ്രഭുസഭയിൽവെച്ചു് ഒരു വാദപ്രതിവാദം നടന്നു. ഇതിനിടയിൽ ഇന്ത്യൻ അണ്ടർ സെക്രട്ടറി ഓഫ് സ്റ്റേയിറ്റ്, മൺസ്റ്റർ പ്രഭു ചെയ്ത ഒരു പ്രസ്താവനയനുസരിച്ചു് ഇന്ത്യയിലെ ഭക്ഷണകാര്യത്തിൽ സുഖമായ ഒരു സ്ഥിതിയിലെത്തിച്ചേരുവാനുള്ള മാർഗ്ഗത്തിൽ നാം എത്തിയിരിക്കുന്നു. ഇപ്പോഴത്തെ മഴക്കാലം തൃപ്തികരമാവുന്നുവെങ്കിൽ തീർച്ചയായും ഇക്കൊല്ലം ഭക്ഷണകാര്യത്തിലുള്ള കഷ്ടപ്പാടുകളെല്ലാം നിശ്ശേഷം തീരുന്നതാണു്. കഴിഞ്ഞേടത്തോളം ഇക്കുറിയത്തെ

# ആഴ്ചക്കുറിപ്പുകൾ

മഴക്കാലം തൃപ്തികരമാവുകയും ചെയ്തിട്ടുണ്ടു്. ഇന്ത്യയുടെ വടക്കുപടിഞ്ഞാറൻ പ്രദേശങ്ങളിൽ ഇക്കൊല്ലത്തെ കാലാവസ്ഥ കുറെ മോശമായതിനാൽ, അവിടെ അധികരിച്ചുണ്ടാകുന്ന ഗോതമ്പു് മറ്റു പ്രദേശങ്ങളിലേക്കു കൊടുക്കാമെന്നു് കരുതിയിരുന്നതു് ഇക്കുറി സാദ്ധ്യമാകയില്ല. ഇതുകൊണ്ടു ഭക്ഷണക്ഷാമം വരുമെന്നു പേടിക്കാനില്ലെങ്കിലും, ഇന്ത്യയിലെ ഒട്ടാകെയുള്ള സ്ഥിതിയാലോചിക്കുമ്പോൾ ഇതും പ്രസ്താവ്യമാണു്. കഴിഞ്ഞ കൊല്ലം അരിക്കുണ്ടായ ക്ഷാമവും പല കാരണങ്ങളെക്കൊണ്ടാണെങ്കിലും കാലാവസ്ഥയുടെ മോശം അന്നും ഒരു പ്രധാനകാരണമായിരുന്നു. എന്നാൽ അങ്ങിനെയുള്ള മോശങ്ങൾകൊണ്ടു് ഇക്കൊല്ലത്തെ നെല്ല്‌വിള കേടുവരാതിരിപ്പാൻ വേണ്ട ഏർപ്പാടുകൾ ചെയ്തുവെച്ചിട്ടുണ്ടു്. എന്നാൽ മനുഷ്യപ്രയത്നത്തെ അതിക്രമിക്കുന്ന കാരണങ്ങൾ അനിവാര്യമാണുതാനും. ബങ്കാളിലെ കഴിഞ്ഞ ക്ഷാമകാലം അവസാനിച്ചതിനുശേഷം കാര്യങ്ങളെല്ലാം വളരെ തൃപ്തികരമായിരിക്കുന്നു. സംസ്ഥാനത്തിന്റെ പുറമേയുള്ള പ്രദേശങ്ങളിൽനിന്നു് കൽക്കത്തയിലെ ഭക്ഷണത്തിന്നു മാത്രം 640,000 തൻ അരി കൊണ്ടുവരാമെന്നു ഗവമ്മേണ്ടുതന്നെ ഏറ്റിരിക്കുന്നു.



ലണ്ടനിൽ ആർ. എ. എഫ്. വൈമാനികന്മാരെ ചക്രവർത്തി തിരുമേനിയും പത്നിയും കൂടി സന്ദർശിക്കുന്നു

## റേഷനിങ്ങ്

ഇന്ത്യയിൽ ഒട്ടാകെ 219 നഗരികളിൽ റേഷനിങ്ങ് നടപ്പാക്കിയിരിക്കുന്നു. മൂന്നു കോടി അയ്മ്പതു

ലക്ഷം ജനങ്ങൾക്കു ഭക്ഷണം കിട്ടുന്നതു് റേഷനിങ്ങ് പ്രകാരമാണു്. പക്ഷെ റേഷനിങ്ങ്മാത്രം നടപ്പാക്കിയതുകൊണ്ടു യാതൊരു ഫലവുമില്ല. ഭക്ഷണസാധനങ്ങളുടെ വിലയും ന്യായമായ നിലക്കു നിയന്ത്രിക്കേണ്ടതാണു്. അതിനാൽ പൊതുജനങ്ങളുടെ പ്രാപ്തിക്കനുസരിച്ചും, കർഷകന്നു് നഷ്ടം വരാതെയുമുള്ള ഒരു വില ഭക്ഷണസാധനങ്ങൾക്കു നിയന്ത്രിച്ചുകൊണ്ടുള്ള നിയമങ്ങളും ഗവർമ്മേണ്ടു നടപ്പാക്കി. റേഷനിങ്ങും, കണ്ട്രോളും കർശനമായി നടത്തി, ആവിശ്യത്തിലധികം ഭക്ഷണധാന്യങ്ങൾ ഉണ്ടാക്കുന്നവരിൽനിന്നു് ന്യായമായ വിലക്കു അവയെ വാങ്ങുവാനുള്ള ഏർപ്പാടും ഗവർമ്മേണ്ടു് ചെയ്തുവെച്ചിരിക്കുന്നതിനാൽ, പോരാത്തതു് അന്യപ്രദേശങ്ങളിൽനിന്നെത്തിക്കുവാനുള്ള ഗതാഗത സൌകര്യം മാത്രമെ ഉണ്ടാകേണ്ടു. ഇതിനും വേണ്ടതു് ഗവർമ്മേണ്ടു ചെയ്തുവെച്ചിരിക്കുന്നു. കപ്പലുകൾ കിട്ടുവാൻ വളരെ പ്രയാസമാണെങ്കിൽകൂടി 1944 ഒക്ടോബർ അവസാനിക്കുമ്പോഴേക്കും ഗവർമ്മേണ്ടു എട്ടുലക്ഷം ടൺ ഗോതമ്പു് ഇന്ത്യയിൽ എത്തിക്കുന്നതാണു്. ഇതിന്നെല്ലാം പുറമെ ഇന്ത്യയിൽതന്നെ ഭക്ഷണധാന്യങ്ങൾ വർദ്ധിപ്പിക്കുവാനുള്ള ഏർപ്പാടും ഗവർമ്മേണ്ടു ചെയ്തിരിക്കുന്നു. വേഗത്തിൽ എന്തെങ്കിലും കുറെ ഉണ്ടാക്കിക്കളയാമെന്നല്ല പ്ലാൻ. പതിനഞ്ചു കൊല്ലത്തിനുള്ളിൽ ഇപ്പോൾ നൂറു പറ വിളയുന്നേടത്തു ഇരുനൂറു പറ വിളയിക്കാനുള്ള ഒരു കാര്യപരിപാടിയാണു് ഗവർമ്മേണ്ടു തെയ്യാറാക്കിട്ടുള്ളതു്. ഇതുതന്നെയാണു് കഴിഞ്ഞ ഒരു ലക്കത്തിൽ 1,000 കോടി ഉറുപ്പികയുടെ ഒരു കാര്യപരിപാടിയുണ്ടെന്നു് പ്രസ്താവിച്ചിരുന്നതു്.

ന്യൂഡെൽഹിയിൽവെച്ചു സെൻട്രൽ ഫുഡ് അഡ്വൈസറി കൌൺസിലിന്റെ ഒരു യോഗം ജൂലായി 20-ാം തിയ്യതി ആരംഭിച്ചു മൂന്നു ദിവസം നടത്തി. ഭക്ഷണകാര്യമെമ്പർ സേർ ജെ. പി. ശ്രീവത്സവ ആദ്യത്തെ ദിവസം യോഗം മുമ്പാകെ ഒരു പ്രസംഗം ചെയ്തു. ഭക്ഷണകാര്യത്തിൽ ഇന്ത്യാ ഗവർമ്മേണ്ടു എടുക്കുന്നതായ നടവടികളെക്കുറിച്ചെല്ലാം സഭക്കു വിശദമായ ഒരു വിവരണം നൽകി. ഭക്ഷണധാന്യങ്ങൾ കിട്ടുവാനും, അന്യരാജ്യങ്ങളിൽനിന്നു് ഇന്ത്യയിൽ എത്തിക്കുവാനും, പൊതുജനങ്ങളുടെ ഇടയിൽ ന്യായമായി വിതരണം ചെയ്‌വാനും ഗവർമ്മേണ്ടു എടുത്തുവരുന്ന നടവടികളെയെല്ലാം വിശദമാക്കി. ഫുഡ് ഗ്രെയിൻസ് പോളിസി കമ്മറ്റി പണ്ടൊരിക്കൽ ഇന്ത്യക്കു കൊണ്ടുവരേണമെന്നു് കണക്കാക്കിയ കണക്കു അദ്ദേഹം സ്വീകരിച്ചിരിക്കുന്നുവെന്നും, അതനുസരിച്ചു ഗണ്യമായ വിധം ഭക്ഷണസാധനങ്ങൾ ഇന്ത്യയിൽ എത്തിച്ചുവരുന്നുണ്ടെന്നും അദ്ദേഹം പ്രസ്താവിച്ചു. ഭക്ഷണധാന്യങ്ങളുടെ ഈ ഇറക്കുമതിത്തോതു താൻ മാറ്റുന്നതല്ലെന്നും അദ്ദേഹം വിശദമാക്കി. മറ്റൊരു പ്രധാന സംഗതി ഇപ്പോൾ ഗവർമ്മേണ്ടിന്റെ ആലോചനയിലിരിക്കുന്നതു് ഭക്ഷണധാന്യങ്ങൾ വാങ്ങുന്നതു ഗവർമ്മേണ്ടിനുമാത്രം ചെയ്യാവുന്ന ഒരു സംഗതിയാണെന്നുള്ള അഭിപ്രായമാണു്. ഈ അഭിപ്രായത്തിന്റെ ഗുണദോഷം ഇന്ത്യാ ഗവർമ്മേണ്ടും, സംസ്ഥാന ഗവർമ്മേണ്ടുകളും കൂലങ്കഷമായി ആലോചിച്ചുവരുന്നു. സെൻട്രൽ ഫുഡ് അഡ്വൈസറി കൌൺസിലിനെ ജൂൺ ൭-ാം തിയ്യതിയിലെ ഇന്ത്യാ ഗവർമ്മേണ്ടു പ്രസ്സ് നോട്ടു് അറിയിപ്പുപ്രകാരം പുനസ്സംഘടനം ചെയ്തു. ഫുഡ് ഡിപ്പാർട്ടുമെണ്ടിനേയും, എഡ്യൂക്കേഷൻ, ഹെൽത്തു് ആന്റ് ലാണ്ട്സ് ഡിപ്പാർട്ടുമെണ്ടിനേയും ഉപദേശിക്കാൻ വേണ്ടിയാണു് ഈ കൌൺസിലിനെ രൂപീകരിച്ചിരിക്കുന്നതു്. നവീകരണത്തിനുശേഷം ഇപ്പോൾ നടന്നതു് കൌൺസിലിന്റെ ആദ്യത്തെ യോഗമാണു്.

# ബ്രിട്ടീഷ്-ജർമ്മൻ യുദ്ധം

## 256-ാമത്തെ ആഴ്ച

## 1939 സപ്തെമ്പർ 3-ാം തിയ്യതി ആരംഭിച്ചു

# യുദ്ധസഞ്ചിക

## പ്രതിവാരപത്രം

മദിരാശി: 1944 ജൂലായി 28-ാംനു-, വെള്ളിയാഴ്ച

## ജർമ്മനി

ജർമ്മൻ സൈന്യ നായകന്മാരിൽ ചിലരെല്ലാം ഒത്തുചേർന്നു ഹിററ്ലറെ കൊല്ലുവാൻ ശ്രമിച്ചുവത്രെ. ഹിററ്ലറുടെ വിരോധികളായ സൈന്യനായകന്മാരിൽ പലേ പ്രമാണികളും ഉണ്ടെന്നറിയുന്നു. ഫീൽഡ് മാർഷൽ കീററൽ, ബ്രാചിററ്, വോൺ ബോക്ക് എന്നിവർ ഇന്നത്തെ യുദ്ധത്തിൽ പലേ രംഗങ്ങളിലും വിജയം നേടി പേരെടുത്തവരാണെങ്കിലും അടുത്ത കാലത്തു ഇവരെല്ലാം ഹിററ്ലറുടെ അപ്രീതിക്കു് പാത്രീഭവിച്ചു. എന്നാൽ ഹിററ്ലറെ കൊല്ലുവാനുള്ളവരുടെ ഉദ്ദേശം നിറവേററിയതു് മുപ്പത്തിഏഴുവയസ്സു പ്രായമുള്ള കൌണ്ടു് ക്ലാസ് വോൺ സ്ററാഫൻബർഗ് എന്ന പേരായ ഒരു സൈന്യ ഉദ്യോഗസ്ഥനാണു്. ഇക്കഴിഞ്ഞ 20-ാം തിയ്യതി ഹിററ്ലറുടെ അരികത്തുവെച്ചു്, ആറടിമാത്രംവിട്ടു ഒരു ബോമ്പു പൊട്ടുകയാണത്രെ ഉണ്ടായതു്: അടുത്തുണ്ടായവരിൽ പലക്കും മുറിയേററു ജീവഹാനി വന്നുപോയെങ്കിലും ഹിററ്ലക്കു യാതൊന്നും പററിയില്ലെന്നാണു് അറിയുന്നതു്. ഈ സംഭവത്തെക്കുറിച്ചു പലരും പല വ്യാഖ്യാനങ്ങളും പറയുന്നുണ്ടു്. എന്നാൽ എത്രത്തോളം ഇതു് വിശ്വാസയോഗ്യമായിട്ടുണ്ടെന്നു് ഊഹിച്ചുതന്നെ അറിയേണ്ടതാണു്. ജർമ്മനിയിലെ സൈന്യ ഉദ്യോഗസ്ഥന്മാർ ഹിററ്ലക്കു വിപരീതമായി പുറപ്പെട്ടിട്ടുണ്ടെന്നും, സൈന്യങ്ങളും ഒരു വിപ്ലവം ഉണ്ടാക്കിത്തീക്കാനുള്ള വട്ടമുണ്ടെന്നും മററുമാണു് ഇന്നത്തെ ജർമ്മനിയിലെ സ്ഥിതിയെന്നു ഊഹിക്കേണ്ടിയിരിക്കുന്നു. എന്നാൽ യുദ്ധത്തിൻെറ കലാശത്തിൽ പരാജയം വരുമെന്നു് തീർച്ചയായാൽ ഇങ്ങിനെയൊരു വിപ്ലവം വരുത്തികൂട്ടുവാനുള്ള ഒരുക്കങ്ങളും ഹിററ്ലറുടെ ആഭിമുഖ്യത്തിൽതന്നെ ജർമ്മനിയിൽ കുറച്ചുകാലമായി അഭിനയിച്ചുവന്നിരുന്നുവത്രെ. പരാജയത്തിൽനിന്നുണ്ടാകുന്ന പരിഭ്രമത്തിൽനിന്നു് യഥാർത്ഥത്തിൽ ആവിർഭവിച്ച വിപ്ലവമായിരുന്നു 1918ൽ ജർമ്മനിയിൽ ഉണ്ടായതു്. എന്നാൽ അങ്ങിനെയൊരാപത്തു ഇല്ലാതെ കഴിക്കുവാൻ കാലെക്കൂടിത്തന്നെ ഹിററ്ലർ ഒരുക്കങ്ങൾ ചെയ്തുവെച്ചിട്ടുണ്ടെന്നാണു് കേട്ടിരുന്നതു്. ഇതു തൻെറ തോല് എരപ്പാകാതെ രംഗത്തിൽനിന്നു് പിൻവലിക്കാൻ ഹിററ്ലർ കണ്ടുവെച്ച ഒരു കൃത്രിമമാണെന്നും ഗൌരവമായി ഊഹിക്കാവുന്നതാണു്.


## പോളണ്ട്

റഷ്യയിൽനിന്നു ജർമ്മൻ സൈന്യം ഒട്ടാകെ ഒഴിച്ചു ഇപ്പോഴും റഷ്യൻ രംഗത്തിലെ യുദ്ധം പോളണ്ടിലാണു അതി ഗംഭീരമായി നടക്കുന്നതു്. റഷ്യൻ സൈന്യം രണ്ടുപുറത്തുനിന്നാണു് പോളണ്ടിൻെറ തലസ്ഥാനനഗരിയായ വാർസാവിലേക്കു് പുറപ്പാടു്. പോളണ്ടിൽ വാർസാവിന്നു് പുറമെ രണ്ടു ജർമ്മൻ സൈന്യകേന്ദ്രങ്ങളുള്ളതിൽ ഒന്നു് ലൂവോവും മറേറതു് ബ്രസ്റ്റ് ലിട്ടോവസ്ക്കുമാകുന്നു. ജനറൽ കോണീവും ഒരു വലിയ റഷ്യൻ സൈന്യവും ലൂവോവു വഴിയായും, ജനറൽ റൊക്കോസോസ്ക്കിയും മറെറാരു വലിയ റഷ്യൻ സൈന്യവും ബ്രസ്റ്റ്ലിട്ടോവസ്ക്ക് വഴിയായും വാർസാവിലേക്കു് കുതിച്ചുകയറുന്നുണ്ടു്. വാർസാവിൽ ഈ രണ്ടു സൈന്യങ്ങളും ഒന്നിച്ചു ചേർന്നുകഴിഞ്ഞാൽ അവിടെനിന്നു് അവർ ജർമ്മനിയിലേക്കു് പുറപ്പെടുന്നതായിരിക്കും. ബ്രസ്റ്റ്ലിട്ടോവസ്ക്കിന്നു പുറമേ ബയാലിസ്റ്റോക്കും റൊക്കോസോസ്ക്കിയുടെ സൈന്യത്തിന്നു ലക്ഷ്യമായിരിക്കുന്നു. ലൂവോവിലും ബ്രസ്റ്റ്ലിട്ടോവസ്ക്കിലും പെട്ടുകിടക്കുന്ന ജർമ്മൻ സൈന്യത്തിന്നു് രക്ഷ പ്രാപിക്കാൻ നിവൃത്തിയുണ്ടാകുമെന്നു് തോന്നുന്നില്ല. റഷ്യൻ സൈന്യം പോളണ്ടിലെ ജന്മഭൂമിയിൽകൂടി ആക്രമണം നടത്തുന്നതു് സൈനികാവശ്യത്തിന്നുവേണ്ടി മാത്രമാണെന്നു് റഷ്യ പോളണ്ടിന്നു് ഉറപ്പുകൊടുത്തിരിക്കുന്നു. പോളണ്ടിലെ ഭൂമികുറെ കൈവശപ്പെടുത്തിക്കളയാമെന്നുള്ള ആഗ്രഹം റഷ്യക്കു തീരെയില്ല. ആക്രമികളായ ജർമ്മൻകാരെ ഒരു പാഠം പഠിപ്പിക്കുക മാത്രമാണു് അവരുടെ ഉദ്ദേശം.

## നോർമാണ്ടി യുദ്ധരംഗം

വർഷത്തിൻെറ കാഠിന്യംകൊണ്ടു് അല്പദിവസം നിർത്തിവെക്കേണ്ടിവന്ന യുദ്ധം രണ്ടാമതും ഈ രംഗത്തിൽ


# ഇററാലിയൻ രംഗത്തിലെ സംഭവങ്ങൾ



ജർമ്മൻ സൈന്യങ്ങൾ ആയുധങ്ങൾ ഉപേക്ഷിച്ചു പിന്നോക്കം പായുന്നു. ഇന്ത്യൻസൈന്യം ആക്രമണത്തിന്നാരംഭിക്കുന്നു




കൃത്രിമമായ മഞ്ഞുണ്ടാക്കി അതിൽക്കൂടെയും മെഷീൻ ഗൺ പ്രയോഗത്തോടുംകൂടി ഐക്യകക്ഷി സൈന്യങ്ങൾ ഒരു പുഴ കടക്കുന്നു




ഗസ്റ്റേവ് ലയിനിൻെറ നേരെ ആക്രമണം ആരംഭിക്കുന്നതിന്നുമുമ്പു ഭയങ്കരമായ പീരങ്കിപ്രയോഗം നടന്നു




സിക്ക് സൈന്യം കൃത്രിമ മഞ്ഞിൻെറ സഹായത്തോടുകൂടി പുരോഗമിക്കുന്നു




ലഫ. ജനറൽ ആൽഫ്റി ചില യോദ്ധാക്കൾക്കു ബിരുദ് നൽകുന്നു




ഇററലിയിൽ കോവർ കഴുതകൾ അത്യദ്ധ്വാനം ചെയ്യുന്നു




അവർ ഒരു അമേരിക്കൻ ഡ്രൈവറോടു സംസാരിച്ചു നില്ക്കയാണ്



റോമിലെ കൊളീസിയത്തിന്ന് ബോംബിങ്ങു കൊണ്ടു യാതൊരാപത്തും പററീട്ടില്ല



അവർ റോമിലെ കുട്ടികളോടു സ്നേഹമായി പെരുമാറുന്നു



ഇന്ത്യൻസൈന്യങ്ങൾ പട്ടിണികിടക്കുന്ന ഇററലിക്കാർക്കു ഭക്ഷണം കൊടുക്കുന്നു



ഇററലിയിൽ ഇന്ത്യൻസൈന്യം പോകുന്നതിൻെറ പിന്നിൽ കോവർ കഴുതകൾ യുദ്ധ സാമഗ്രികൾ കൊണ്ടുവരുന്നു



റോമിൻെറ നേരെയുള്ള യുദ്ധത്തിൽ മഹറാട്ടാ പട്ടാളം കാസ്സ്രോസിലോ നഗരിയിൽ പ്രവേശിക്കുന്നു


ആരംഭിച്ചുകഴിഞ്ഞിരിക്കുന്നു. ഈ മാസം 25-ാം തിയ്യതി മുതല്ക്കാണ് ഇതിന്റെ ആരംഭം. യുദ്ധരംഗം ഒരു നൂറുനാഴിക നീളമുണ്ടെന്നാണറിയുന്നതു്. ബ്രിട്ടീഷു സൈന്യങ്ങളും കനേഡിയൻ സൈന്യങ്ങളും കൂടി ഓൺനദിയുടെ കിഴക്കെ തിരത്തു കാങ്ങ് ഫലേ റൊഡിന്റെ വഴിയായി ഒരു രംഗം തുറന്നിരിക്കുന്നു. അമേരിക്കൻ ഒന്നാംപട ജനറൽ ബ്രാഡ്‌ലിയുടെ ആധിപത്യത്തിൽ നോർമാണ്ടി രംഗത്തിന്റെ മറെറാരു ഖണ്ഡത്തിലും യുദ്ധം ആരംഭിച്ചിരിക്കുന്നു. ജനറൽ മണ്ട്ഗോമറിയുടെ സൈന്യങ്ങൾ ബൊറുഗിബസ്സ് എന്ന സ്ഥലത്തുനിന്നാണ് ആക്രമണം ആരംഭിച്ചതു്. ഈ സ്ഥലം കാങ്ങിൽനിന്ന് അഞ്ചുമൈൽ തെക്കുകിഴക്കാണ്. അമേരിക്കൻ സൈന്യം ആരംഭിച്ച ആക്രമണഖണ്ഡം ചെർബർഗിന്റെ പടിഞ്ഞാറൻ പ്രദേശം മുതൽ ലാസ്സെ പട്ടണം വരെയുണ്ടു്. ഇതു നാല്പതു നാഴിക നീളമുള്ള ഒരു ഖണ്ഡമാകുന്നു. ജനറൽ മണ്ട്ഗോമറിയുടെ സൈന്യം കാങ്ങിന്നു തെക്കോട്ടാണ് യാത്ര. ഫലെ പട്ടണം കാങ്ങിന്നു ഇരുപത്തൊന്നു മയിൽ തെക്കുകിഴക്കുള്ള ഒരു വലിയ ജങ്ക്ഷനാണ്.

## ജാപ്പാൻ

ജാപ്പാനിൽ ടോജോ മന്ത്രിസഭയുടെ അലകും പിടിയും മാററിയിരിക്കുന്നു. പ്രധാനമന്ത്രി ടോജോവിന്നാകട്ടെ, ആയാളുടെ കൂടെയുണ്ടായിരുന്ന മററു മന്ത്രിമാർക്കാകട്ടെ യാതൊരു സ്ഥാനവും ഇന്നത്തെ മന്ത്രിസഭയിലില്ല. ഇപ്പോഴത്തെ പ്രധാനമന്ത്രി ജനറൽ കുനിയാക്കി കോയ്സോവും, മുമ്പൊരിക്കൽ ഒരു ജാപ്പാൻ പ്രധാനമന്ത്രിയായിരുന്ന അഡ്മിറൽ മിററ്സുമാസാ യോനേയ് നാവിക സൈന്യ മന്ത്രിയുമാകുന്നു. സാധാരണ കാലങ്ങളിലെപ്പോലെ മന്ത്രിസഭ രൂപീകരിക്കാൻ ജാപ്പാൻ ചക്രവർത്തി ഒരാളോടാവശ്യപ്പെടുന്നതിന്നു പകരം ഇത്തവണ മേല്പറഞ്ഞ രണ്ടാളോടും കൂടിയാണ് ആവശ്യപ്പെട്ടതു്. അതിനാൽ ഇന്നത്തെ മന്ത്രിസഭയെ കുറിച്ചുള്ള ഉത്തരവാദിത്വം ഒരു സൈന്യനായകനിലും ഒരു കടൽസൈന്യനായകനിലും കൂടിയാണ് സ്ഥിതിചെയ്യുന്നതു്. ടോജോവിന്റെ മന്ത്രിസഭയെ വേണ്ടെന്നുവെച്ചതു് യുദ്ധത്തിന്നു കുറേക്കൂടി മുറുക്കം കൂട്ടുവാനാണെന്നാണ് ജാപ്പാൻറേഡിയോ പ്രചാരവേലക്കാർ പറയുന്നതെങ്കിലും മന്ത്രിസഭയുടെ അടിസ്ഥാനം ഇളക്കുവാൻ പലേ കാരണങ്ങളും ഉണ്ടെന്നു പറയാതെ കഴികയില്ല. ഒന്നാമതു്, സിവിൽ നേതാക്കന്മാരും പട്ടാളനേതാക്കന്മാരും തമ്മിൽ സ്പർദ്ധയുണ്ടു്. രണ്ടാമതു്, പട്ടാളത്തിൽതന്നെ കരപ്പട്ടാളവും കടൽപട്ടാളവും തമ്മിൽ വിരുദ്ധമാണ്. മൂന്നാമതു്, ശാന്തസമുദ്രരംഗത്തിൽ ജാപ്പാന്നു ദിനംപ്രതി വന്നുചേരുന്ന വിധിവൈപരീത്യം അത്യാപത്തിൽ കലാശിച്ചേക്കുമോ എന്നു് വലിയ ഭയവും തുടങ്ങിയിരിക്കുന്നു. സൈപ്പാൻ ദ്വീപു പോയതിന്നുശേഷമാണ് ഈ ഭയം അത്യധികം വർദ്ധിച്ചതു് ഇപ്പോൾ അടുത്തവസരത്തിൽ അമേരിക്കൻ സൈന്യം ഗോം ദ്വീപിലും ചെന്നിറങ്ങിയിരിക്കുന്നു. മാരിയാനാ ദ്വീപുകളുടെ ഇടയിൽ ഏററവും വലിയതാണ് ഗോം. അമേരിക്കയുടെ കൈവശമുള്ള പ്രദേശങ്ങളിൽ ആദ്യമായി ജാപ്പാൻകാർ കൈക്കലാക്കിയതും ഗോം ദ്വീപാകുന്നു. കൊല്ലം 1941 ഡിസെമ്പർ 14-ാം തിയ്യതി ജാപ്പാൻകാർ ഗോം ദ്വീപിനെ പിടിച്ചടക്കി. ഈ ദ്വീപു ഫിലിപ്പൈൻ ദ്വീപുകളിൽനിന്നു് 1,500 നാഴിക അകലെ കിടക്കുന്നു. ഇതിന്റെ വലുപ്പം 225 ചതുരശ്ര നാഴികയാണ്.

## ഓസ്റ്റ്രോവും പാസ്ക്കോവും

കഴിഞ്ഞാഴ്ചയിൽ റഷ്യൻ സൈന്യത്തിന്നുണ്ടായ വിജയങ്ങളിൽ ഏററവും പ്രധാനമായിരുന്നു ലാററ്വിയൻ അതൃത്തിയിലുള്ള ഓസ്റ്റ്രോവും എസ്റ്റോണിയൻ അതൃത്തിയിലുള്ള പാസ്ക്കോവും പിടിച്ചതു്. ബാൾട്ടിക്ക് രാജ്യങ്ങളുടെ മദ്ധ്യപ്രദേശങ്ങളിലേക്കു പോകുന്ന റോഡുകളെ സംരക്ഷിച്ചുകൊണ്ടു് ഉണ്ടായിരുന്ന ഒരു പ്രധാന ജർമ്മൻ സൈന്യകേന്ദ്രമായിരുന്നു ഓസ്റ്റ്രോവ്. ലെനിൻഗ്രാഡിൽനിന്നു് ഡ്വിൻസ്ക്കിലേക്കുള്ള റെയിലിന്നരികെയാണ് ഈ നഗരിയുടെ സ്ഥിതി. പാസ്ക്കോവ് നഗരി ലെനിൻഗ്രാഡിൽനിന്നു് 160 നാഴിക തെക്കുപടിഞ്ഞാറാണ് കിടക്കുന്നതു്. ഈ നഗരി ജർമ്മൻകാർക്കു് വടക്കൻ റഷ്യയിലുണ്ടായിരുന്ന സൈന്യകേന്ദ്രങ്ങളിൽ ഒടുവിലത്തേതായിരുന്നു. എസ്റ്റോണിയായുടെ അതൃത്തിയിൽനിന്നു് പത്തു നാഴിക കിഴക്കാണ് പാസ്ക്കോവ്. ഈ നഗരിയും ബാൾട്ടിക്ക് രാജ്യങ്ങളിലേക്കുള്ള ഒരു പടിവാതിൽ ആയിരുന്നു. ബാൾട്ടിക്ക് രാജ്യങ്ങളിലേക്കു് റഷ്യൻ സൈന്യം പലേ മാർഗ്ഗങ്ങളിൽകൂടിയും കടന്നുചെല്ലുന്നതുപോലെത്തന്നെ പോളണ്ടിലേക്കും പലേ മാർഗ്ഗങ്ങളിൽകൂടെ ചെല്ലുന്നതായി മറെറാരേടത്തു് പ്രസ്താവിച്ചുവല്ലോ. ബാൾട്ടിക്ക്




ചർച്ചിൽ ടാങ്ക്. കാലാൾസൈന്യത്തിന്ന് വഴിയൊഴിപ്പിച്ചുകൊണ്ടു നോർമാണ്ടി രംഗത്തിൽ പ്രവർത്തിക്കുന്നു.

രാജ്യങ്ങൾ പിടിച്ചുകഴിയുന്നതോടൊന്നിച്ച് പോളണ്ടും പിടിച്ചുകഴിഞ്ഞാൽ രണ്ടു മാർഗ്ഗങ്ങളിൽക്കൂടിയും റഷ്യൻ സൈന്യം ജർമ്മനിയുടെ ജന്മഭൂമിയായ ഈസ്റ്റ് പ്രഷ്യയെ ആക്രമിക്കും. ഇതാണ് റഷ്യയുടെ പ്ലാൻ. ഫിൻലാണ്ടിൽക്കൂടി ജർമ്മൻ സൈന്യം പിന്നിൽനിന്നാക്രമിച്ചെങ്കിലോ എന്ന് ശങ്കിച്ചാണ് റഷ്യ കുറച്ചു ദിവസം മുമ്പ് ഫിൻലാണ്ടിന്റെ നേരെ ഒരു ഭയങ്കര യുദ്ധം നടത്തിയത്. ഇപ്പോൾ ഫിൻലാണ്ടിലെ വർത്തമാനങ്ങൾ യാതൊന്നും കേൾക്കാനില്ലാത്തതുകൊണ്ട് ആ രാജ്യത്തിന്റെ കഥയെല്ലാം കഴിഞ്ഞുവെന്ന് കരുതാവുന്നതാണ്. എതായാലും ജർമ്മനിയുടെ ജന്മഭൂമിയിലേക്ക് റഷ്യൻ സൈന്യം കടക്കുന്ന അവസരം വന്നുചേരുവാൻ വളരെ താമസമുണ്ടെന്ന് തോന്നുന്നില്ല.

## ഗോത്തിക്ക് ലൈൻ

യുദ്ധതന്ത്രങ്ങളും അടവുകളും ധാരാളമായി പ്രയോഗിച്ച് എതിർത്തുവരുന്ന ശത്രുക്കളെ കുറെ നേരം തടഞ്ഞുനിർത്തുവാൻ സാദ്ധ്യമാകുന്ന ഒരു സൈന്യനിരയെയാണ് നാം സാധാരണ പട്ടാളഭാഷയിൽ ലൈൻ എന്നു പറയുന്നത്. ചിലപ്പോൾ പ്രകൃതിതന്നെ ഇങ്ങിനെ ഒരു ലൈൻ നിർമ്മിക്കുവാൻ വേണ്ട സൌകര്യങ്ങൾ ഉണ്ടാക്കിയെന്നു വന്നേക്കാം. കാടും, മലയും, വലിയ ജലാശയങ്ങളും മററും കൂടിച്ചേർന്നുകൊണ്ടുള്ള ഒരു പ്രദേശം ഒരു ലൈൻ നിർമ്മിക്കേണ്ടതിന്ന് യുദ്ധതന്ത്രജ്ഞന്മാരെ സഹായിക്കുന്നു. എന്നാൽ ചിലപ്പോൾ, പ്രകൃതി ഇത്തരത്തിലുള്ള സൌകര്യങ്ങൾ നൽകിയില്ലെങ്കിൽക്കൂടി അവിടങ്ങളിൽ ചില ലൈൻ ഉണ്ടാക്കുവാൻ സൈന്യതന്ത്രം നിർബ്ബന്ധിച്ചെന്നുവരാം. അങ്ങിനെയുള്ള ഘട്ടങ്ങളിൽ സൈന്യവിദഗ്ദ്ധന്മാർ കോട്ടകൾ വരിവരിയായി കെട്ടിയുറപ്പിക്കുന്നു. മാഗിനോട്ട് ലൈൻ, സീജ്ഫ്രീഡ് ലൈൻ മുതലായവയെല്ലാം ഇത്തരത്തിലുള്ളവയാണ്. ഇററലിയിൽ യുദ്ധം തുടങ്ങിയതിന്നുശേഷവും പല ലൈൻകളെപ്പററി നാം കേട്ടിട്ടുണ്ടായിരിക്കും. അവയിൽ പ്രധാനമായിട്ടുള്ളതായിരുന്നു ഹിററ്ലർ ലയിൻ. ഈ ലയിനുകളെല്ലാം പൊളിച്ച് ഐക്യകക്ഷിസൈന്യങ്ങൾ ഇപ്പോൾ ഇററലിയിലെ ഗോത്തിക്ക് ലയിനിൽ എത്തിയിരിക്കുന്നു. ഐക്യകക്ഷിസൈന്യങ്ങളുടെ അടികൊണ്ട് പിന്നോക്കം വീഴുമ്പോൾ അവിടെനിന്നെഴുന്നേററ് രണ്ടാമതും അടിയുറപ്പിക്കുന്ന ജർമ്മൻ സമ്പ്രദായമനുസരിച്ച് ഇപ്പോൾ ജനറൽ കെസൽറിങ്ങും ജർമ്മൻ സൈന്യവും ഗോത്തിക്ക് ലയിനിൽവെച്ചൊന്നു പിടിച്ചുകളയാമെന്നാണ് വിചാരിക്കുന്നത്. ഈ ലയിനുംകൂടി മുറിച്ച് ഐക്യകക്ഷിസൈന്യങ്ങൾ മുന്നോട്ടു കടന്നാൽ വടക്കൻ ഇററലിയുടെ പ്രകൃതിസുന്ദരമായ മൈതാനപ്രദേശങ്ങളിൽ എത്തി. അവിടെയുള്ള ഒരു പ്രധാന നഗരിയാണ് ഫ്ലോറൻസ്. ഫ്ലോറൻസിന്റെ തെക്കുഭാഗത്താണ് ഇപ്പോൾ ജർമ്മൻ സൈന്യം ഗോത്തിക്ക് ലയിൻ കണ്ടുപിടിച്ചിരിക്കുന്നത്. ഇത് ആർണോ നദിയുടെ വടക്കുവശത്താകുന്നു. ജനറൽ അലക്സാണ്ടരുടെ കീഴിലുള്ള അഞ്ചാം സൈന്യവും എട്ടാം സൈന്യവും ആർണോ നദിയുടെ തെക്കുവശത്തെത്തീട്ടുണ്ട്. ഈ സൈന്യങ്ങളുടെ ചില ചില്ലറ സംഘങ്ങൾ നദി കടക്കുകയും ചെയ്തിരിക്കുന്നു. ഗോത്തിക്ക് ലയിനിന്റെ പടിഞ്ഞാറു വശമുള്ള പൈസാ പട്ടണത്തിന്റെ ചില ഭാഗങ്ങളിൽ അമേരിക്കൻ സൈന്യം പ്രവേശിക്കുകയും ചെയ്തിട്ടുണ്ട്.



ഇംഫാൽ രംഗത്തിലേക്ക് ഇന്ത്യൻ സൈന്യം അഞ്ചാം ഡിവിഷനെ അരാക്കാൻ രംഗത്തിൽനിന്ന് വിമാനമാർഗ്ഗമായിട്ടാണ് കൊണ്ടുവന്നതു്. വലിയ പീരങ്കികളേയുംകൂടി വിമാനമാർഗ്ഗം കൊണ്ടുപോയി

# യുദ്ധാനന്തര ജീവിതം

## പട്ടാളത്തിൽനിന്നു പിരിഞ്ഞുവരുന്നവൎക്കു്

II

പട്ടാളത്തിൽനിന്നു പിരിഞ്ഞുവരുന്നവരുടെ യുദ്ധാനന്തര ജീവിതത്തെപ്പററി മുമ്പൊരു ലക്കത്തിൽ പ്രതിപാദിച്ചുവെല്ലൊ. അസാധാരണമായ തോതിൽ പട്ടാളത്തിലേക്ക് ആളെ എടുത്തിട്ടുള്ളതു് അല്പം ചില ജില്ലകളിൽനിന്ന് മാത്രമാണല്ലൊ. എന്നാൽ ഇന്ത്യയിലെ നാനാഭാഗങ്ങളിൽനിന്നും എടുത്തിട്ടുണ്ടു്; അതു മിക്കതും കമ്മാളരുടേയും കൂലിക്കാരുടേയും ഇടയിൽനിന്നാണുതാനും. ഇവർ പട്ടാളത്തിൽനിന്ന് പിരിഞ്ഞുവന്നാൽ എല്ലാവൎക്കും കൃഷിപ്രവൃത്തിയെടുക്കേണ്ടതിന്ന് വേണ്ടത്ര ഭൂമി ദാനംചെയ്യാൻ സാദ്ധ്യമല്ല. തെക്കെ ഇന്ത്യയിലുള്ള അല്പം ചില പ്രദേശങ്ങൾ ഈ നിലക്ക് നന്നാക്കിത്തീൎക്കാൻ സാധിച്ചേക്കാം; തന്മൂലം ഒരു ഗണ്യമായ തോതിൽ കുറെപ്പേൎക്ക് തൊഴിലും ഉണ്ടായിയെന്നു വന്നേക്കാം. പട്ടാളത്തിൽനിന്നു പിരിഞ്ഞുവരുന്നവൎക്ക് എത്രകണ്ടു് ഭൂമിസംബന്ധമായ പ്രവൃത്തിയിൽ ചേരാമെന്നുള്ളതിനെക്കുറിച്ചു് സേർ കോലിൻ ഗാർബററ് ഒരു സൎവ്വെ നടത്തീട്ടുണ്ടു്. പഞ്ചാബിലൊഴിച്ചു മറെറവിടേയും അധികരിച്ച ഭൂമിയൊന്നും ഈയാവശ്യത്തിന്നുണ്ടാകുമെന്ന് തോന്നുന്നില്ല.

### വ്യവസായങ്ങളിൽ

ഇവരെ വല്ല വ്യവസായങ്ങളിലും എപ്പെടുത്തികളയാമെന്ന് വെക്കയാണെങ്കിൽ, സാങ്കേതികമായ ഉപരിപഠനം ഉള്ളവൎക്കുമാത്രമെ വ്യവസായശാലകളിൽ തൊഴിലുകൾ കിട്ടുകയുള്ളൂ. ഇവൎക്കുകൂടി ഓരോ വ്യവസായശാലയിലും വ്യവസ്ഥ ചെയ്തിട്ടുള്ള പരിശീലനം ഉണ്ടെങ്കിൽ മാത്രമെ ജോലികിട്ടുവാൻ നിവൃത്തിയുള്ളൂ. യുദ്ധം കഴിഞ്ഞു പട്ടാളത്തിൽനിന്നു പിരിഞ്ഞുവരുന്ന സാങ്കേതിക തൊഴിൽ വിദഗ്ദ്ധന്മാൎക്ക് ഗവൎമ്മേണ്ടു തൊഴിൽശാലകളിലുള്ള മഹാവിദഗ്ദ്ധന്മാരോടും, മററു തൊഴിൽശാലകളിലുള്ള സിവിലിയൻ വിദഗ്ദ്ധന്മാരോടും കിടപിടിക്കേണ്ടിവരുവാനിടയുള്ളതിനാൽ, അവൎക്ക് തങ്ങളുടെ കിടക്കാരുടെ മേൽ മെച്ചംകൊണ്ടു് ചാടുവാൻ അത്ര എളുപ്പമായ സംഗതിയൊന്നുമല്ല. ഗതാഗതങ്ങൾക്ക് സൌകൎയ്യം വർദ്ധിപ്പിക്കുമാറുള്ള കമ്പനികൾ ഉണ്ടായെങ്കിൽ ഇന്നു പട്ടാളത്തിലുള്ള അനവധി മോട്ടോർ ഡ്രൈവർമാൎക്ക് ഹൃദ്യമായ തൊഴിൽ ലഭിച്ചേനെ.

പട്ടാളത്തിൽനിന്നു പിരിഞ്ഞുവരുന്ന അനവധി ആളുകളെ പലരേയും സംസ്ഥാന ഗവൎമ്മേണ്ടുകളൊ നാട്ടുരാജ്യ ഭരണങ്ങളൊ സ്വീകരിച്ചേക്കാം. യുദ്ധാനന്തര പുനരുദ്ധാരണ കാൎയ്യപരിപാടികളുടെ ഭരണത്തിൽ ഇവരിൽ അധികരിച്ച ഒരു സംഖ്യ ഏൎപ്പെട്ടുവെന്നുവരാം. ഈ വിധം യുദ്ധം കഴിഞ്ഞ ശേഷമുള്ള ആദ്യത്തെ കുറച്ചുകാലം കഴിച്ചുകൂട്ടാൻ സാധിച്ചുവെന്നു വന്നേക്കാം. കൃഷിയും, കൃഷിക്കനുരൂപമായ കൈത്തൊഴിലുകളും പുഷ്ടിപ്പെടുവാനും ഇടവന്നേക്കാം. പ്രസ്തുത ലക്ഷ്യംവെച്ചു അനവധി ആളുകൾക്ക് തൊഴിലും ഉണ്ടായിയെന്നുവന്നേക്കാം.

പലേ സ്കീമുകളേയും ഡയറക്ടറേററ് ഓഫ് വെൽഫയർ ആൻറ് എജൂക്കേഷനും, ഡിഫൻസ് ഡിപ്പാൎട്ടുമെണ്ടും ആലോചന കഴിച്ചുവെച്ചിട്ടുണ്ടു്. അവയെല്ലാം കാലദേശാവസ്ഥകളനുസരിച്ചു് പരിശോധിപ്പാനായി സംസ്ഥാന ഗവൎമ്മേണ്ടുകളിലേക്ക് അയച്ചുകൊടുക്കുകയും ചെയ്തിട്ടുണ്ടു്. ഏതൊരു സ്കീമിന്നും എളുപ്പമാൎഗ്ഗമുണ്ടെന്നു കരുതേണ്ട; ഇന്നത്തെ പട്ടാളം യുദ്ധത്തിന്നു മുമ്പുള്ള പട്ടാളംപോലെയല്ല. മുമ്പു പട്ടാളത്തിലേക്ക് വളരെ കുറച്ചാളുകളെ ചുരുക്കം ചില പ്രദേശങ്ങളിൽനിന്നുമാത്രമെ എടുത്തിരുന്നുള്ളൂ. ഇന്നാകട്ടെ, ഇന്ത്യയിലെ നാനാഭാഗങ്ങളിൽനിന്നും, മുമ്പു യാതൊരു പട്ടാളപരിശീലനമില്ലാത്ത സമുദായങ്ങളിൽനിന്നും ആളുകളെ എടുത്തിട്ടുണ്ടു്. പോരെങ്കിൽ സൈന്യത്തിന്റെ സഹായക വകുപ്പുകൾ വളരെ വർദ്ധിക്കുകയും, അതിലേക്കെല്ലാം നാനാതരത്തിലുള്ളാളുകളെ എടുക്കേണ്ടിവരികയും ചെയ്തിരിക്കുന്നു.

### റിസെററിൽമെണ്ടു് ഫണ്ടു്

പട്ടാളത്തിൽനിന്നു പിരിഞ്ഞുവരുന്നവരെ ജീവിതത്തിൽ നല്ല നിലക്ക് സ്ഥാപിക്കേണ്ടതിന്നായി നമുക്കൊരു ഫണ്ടുണ്ടു്. ഇതു മാസം ഒന്നുക്ക് 30 മുതൽ 40 ലക്ഷം ഉറുപ്പികവരെ വർദ്ധിച്ചുകൊണ്ടുവരുന്നു. ഇപ്പോളെല്ലാം ഇതു് സുമാറു അഞ്ചുകോടി ഉറുപ്പികയും ആയിട്ടുണ്ടു്. പട്ടാളത്തിൽനിന്ന് ആളെ പിരിച്ചുവിടേണ്ട ഘട്ടമാവുമ്പോഴേക്ക് ഈ സംഖ്യ ഇരട്ടിച്ചുവെന്നും വന്നേക്കാം. ഈ ഫണ്ടിനെ ഉപയോഗിക്കുന്ന കാൎയ്യത്തിൽ ഒരു വ്യവസ്ഥ നിർബ്ബന്ധമാണു്; പട്ടാളത്തിൽ ചേൎന്നവരുടെ സ്ഥിരമായ നിവൃത്തിമാൎഗ്ഗങ്ങൾക്കെ അവയെ ഉപയോഗിക്കാവൂ. ഈ ഫണ്ടിനെ ഏററവും ഉപയോഗപ്രദമായവിധം ചെലവു ചെയ്യുന്നതെങ്ങിനെയാണെന്നു ഗാഢമായാലോചിക്കേണ്ട ഒരു വിഷയമാണ്. ഇപ്പോൾ അനവധി ബററാലിയൻ സംഘങ്ങളിൽ ആരോഗ്യം, ശുചീകരണം, നല്ല വിത്തുകൾ ഉണ്ടാക്കേണ്ടും വിധം, വളക്കുഴികൾ കുഴിക്കേണ്ടുന്ന മാതിരി, ഈ വിഷയങ്ങളെക്കുറിച്ചു പട്ടാളക്കാൎക്കു പരിശീലനം കൊടുത്തുവരുന്നു. ഇത്തരത്തിൽ 110 പട്ടാള പരിശീലനകേന്ദ്രങ്ങൾ നടപ്പിലുണ്ടു്. ഇതിൽ പലതിലും കൃഷിസംബന്ധമായ പ്രദൎശനങ്ങളും നടക്കുന്നുണ്ടു്.

# മാമ്പഴപ്രശസ്തി

(പി. ജെ. തോമസ്)

പുണ്യനദികളായ ഗംഗയുടേയും യമുനയുടേയും മദ്ധ്യത്തിലുള്ള അതിഫലവത്തായ സമതലത്തിൽക്കൂടി വളരെ പ്രാവശ്യം യാത്രചെയ്വാൻ എനിക്കിടയായിട്ടുണ്ടെങ്കിലും, ഇത്തവണ ഉണ്ടായതുപോലെ ആഹ്ലാദവും ഉന്മേഷവും ഒരിക്കലും ഉണ്ടായതായി ഓർമ്മിക്കുന്നില്ല. കാരണം, ഈ വസന്തകാലത്തിന്റെ പ്രാബല്യംതന്നെ. (ഹോലി അഥവാ വസന്തോത്സവം അടുത്തു കഴിഞ്ഞതേയുള്ളു) എന്നെ പ്രധാനമായി ആകർഷിച്ചതു്. റെയിൽപാതയുടെ രണ്ടു വശത്തും കണ്ണെത്തുന്നേടത്തോളമുള്ള ദിക്കിൽ സർവ്വാംഗം പൂത്തു സൌരഭ്യം വിതറിനിൽക്കുന്ന അനവധി തേന്മാവുകളാണു്. ഡില്ലിയിൽനിന്നു് രാവിലെ പുറപ്പെട്ടതുമുതൽ, പുണ്യസ്ഥലങ്ങളായ പ്രയാഗ (ഗംഗയും യമുനയും ചേരുന്ന ത്രിവേണി, ഇപ്പോഴത്തെ അലഹബാദ്)യും, അവിടന്നു കിഴക്കോട്ടു കാശിയും ഇങ്ങിനെ 500 മൈൽവരെ നീണ്ടുകിടക്കുന്നതും തെക്കുവടക്കു 140 മൈലോളം വീതിയുള്ളതും, "ദോബ്" (ഇരുനദികളുടെ മദ്ധ്യസ്ഥലം) എന്ന പേരിനാൽ സാധാരണമായി അറിയപ്പെടുന്നതുമായ ആ മനോഹരഭൂവിഭാഗം ഒരു രമണീയമായ ആരാമമായി തോന്നി. ഉഷ്ണകാല യാത്രകളിൽ അസഹ്യമായ ചൂടുമൂലം പല പ്രാവശ്യം ഉണ്ടായിട്ടുള്ള വിഷമം ഈ ഒരു യാത്രകൊണ്ടു് മുഴുവൻ മാഞ്ഞുപോയതായി എനിക്കു അനുഭവപ്പെട്ടു.

വസന്തകാലപ്രതാപം മഹാകവികളുടെ കൃതികളിൽ വർണ്ണിക്കപ്പെട്ടിട്ടുള്ളതു് അനുഭവമാകണമെങ്കിൽ ഈ അതികാമ്യഭൂഭാഗത്തിൽ തന്നെ പോകണം. ഗംഗാസമതലംതന്നെയാണു് ഭാരതഭൂമിയുടെ ആരാമം. മദ്ധ്യദേശം എന്നു് പണ്ടുമുതൽക്കേ അറിഞ്ഞുവരുന്ന ഈ പ്രദേശം പ്രകൃതിമഹിമയാൽ മാത്രമല്ല, വ്യവസായവർദ്ധനയാലും ഇന്നു പ്രസിദ്ധമായിത്തീർന്നിരിക്കുന്നു. ഇൻഡ്യയിൽ മറ്റൊരു സ്ഥലത്തും അടുത്ത കാലത്തു് ഉണ്ടാകാത്ത തരത്തിലുള്ള വ്യവസായപുരോഗമനമാണു് യു. പി. സംസ്ഥാനത്തിനു്, വിശേഷിച്ചു കോൺപൂർ നഗരത്തിന്നു് ഉണ്ടായിട്ടുള്ളതു എന്നു തീവണ്ടിയിൽനിന്നു നോക്കിയാൽതന്നെ കാണാം. അതുപോലെതന്നെ ബീഹാർ പ്രവിശ്യയുടെ കിഴക്കു പ്രദേശവും അടുത്ത കാലത്തു് കൽക്കരിഖനികളാലും ഇരുമ്പു ഫാക്ടറികളാലും പൊങ്ങിക്കയറിവരുന്നു. മഹാരഥനായ ജംഷഡ്ടാററാ (J. N. Tata) യുടെ മഹോദ്യമങ്ങളുടെ ഫലമാണിതു്. ഇരുപതു വർഷംമുമ്പു ഒരു ചെറിയ ഗ്രാമം മാത്രമായിരുന്ന ജാംഷഡ്പൂർ ഇന്നു് രണ്ടു ലക്ഷത്തിലധികം ജനങ്ങൾ താമസമുള്ള ലോകത്തിലെ ഒരു വലിയ വ്യവസായകേന്ദ്രമായിത്തീർന്നിരിക്കുന്നു.

സാമ്പത്തികസംഗതികൾ പ്രതിപാദിക്കാനല്ല ഈ ലേഖനം. വിശേഷപ്പെട്ട കിന്നാരിപ്പട്ടുകൊണ്ടു് ഭൂഷിതരായ നവോഢകളെന്നപോലെ നമ്രമുഖവുമായി നിൽക്കുന്ന പൂത്ത മാവിൻകൂട്ടങ്ങളുടെ നടുവിൽക്കൂടി പ്രയാണംചെയ്യുമ്പോൾ മാമ്പൂവിലെ പൂന്തേൻ കുടിച്ചു പ്രമത്തരായി അഹങ്കരിക്കുന്ന ഭ്രമരങ്ങളേയും, അടുത്തുതന്നെ മാമ്പഴം തിന്നാമെന്നു കരുതി കൊതിപൂണ്ടു് ആരവത്തോടെ വിഹരിക്കുന്ന പക്ഷിജാലങ്ങളേയും കാണുമ്പോൾ ഭാവനാശക്തി ലേശമെങ്കിലും ഉള്ളവർക്കു് ചില വികാരങ്ങളുണ്ടാകാതെയിരിക്കയില്ല. ചമൽക്കാരം തികഞ്ഞ നിലയിൽ ചിത്രണംചെയ്യേണ്ട ആ ഭാഗങ്ങളെ വിട്ടുകൊണ്ടു്, മാവിനെക്കുറിച്ചും, മാമ്പഴത്തെക്കുറിച്ചും ചില വിവരങ്ങൾ കുറിക്കാൻമാത്രമെ തൽക്കാലം ഉദ്ദേശിക്കുന്നുള്ളു.

ലോകത്തിലെവിടെയുമുള്ള ഫലങ്ങളിൽ അതിവിശിഷ്ടമായതു് മാങ്ങയാണു് എന്നത്രെ ഇന്നത്തെ അഭിജ്ഞമതം. ആപ്പിൾ, നാരങ്ങ, കൈതച്ചക്ക മുതലായവ നല്ല രുചിയുള്ള പഴങ്ങൾ തന്നെ. എന്നാൽ വിററമിൻ കണക്കാക്കിയാൽ ഇവയൊന്നും മാങ്ങയോടു കിടനിൽക്കയില്ലത്രെ. നാലു തരത്തിലുള്ള വിററമിൻ മാങ്ങയിൽ ധാരാളമായുണ്ടു്. ഗുരുതരമായ പ്രോട്ടീൻ അംശങ്ങളും ഇതിൽ അടങ്ങിയിരിക്കുന്നു. ഇങ്ങിനെയുള്ള ഒരു ഫലത്തിന്റെ ജന്മദേശം ഇന്ത്യയാണെന്നുള്ളതുതന്നെ നമ്മുടെ രാജ്യത്തിന്റെ വലിയൊരു മഹിമയാണല്ലോ. ഇന്ത്യ മാങ്ങയുടെ ജന്മദേശമാണെന്നുമാത്രമല്ല, ഇവിടെയുള്ളത്ര സ്വാദുള്ള മാങ്ങ മറെറങ്ങും കാണുകയുമില്ല. ശീതമേഖലയിൽ മാവു വളരുന്നതേയില്ല. 'റോപ്പ്' എന്നും 'ബിലാത്തി' എന്നും ചില മാങ്ങകൾക്കു പേർ പറഞ്ഞുകേട്ടിട്ടുണ്ടു്. പക്ഷെ അവ വെറും മിഥ്യാനാമങ്ങൾ മാത്രമാണു്.

മാങ്ങ എന്നു പറയുമ്പോൾ കറിക്കുള്ള ഒരുതരം കായയുടെ കാര്യമാണു് കേരളീയരുടെ മനസ്സിൽ തോന്നുന്നതു്. എന്നാൽ മററു സ്ഥലങ്ങളിൽ ഒരു പഴമായി മാത്രം മാങ്ങ കരുതപ്പെടുന്നു. കേരളത്തിലെ മാങ്ങകളിൽ ഒട്ടുമുക്കാലും, പഴത്തിന്നു പററാത്ത പുളിമാങ്ങയാണു്. നേന്ത്രപ്പഴം, പൂവൻപഴം, വരിക്കച്ചക്ക, കൈതച്ചക്ക മുതലായ പ്രത്യേകതരം പഴങ്ങൾ കേരളത്തിലുണ്ടെന്നഭിമാനിക്കാമെങ്കിലും, മാങ്ങയുടെ സംഗതിയിൽ കേരളം, മററു പല പ്രദേശങ്ങളുടെ പുറകാണെന്നു് സമ്മതിക്കാതെ തരമില്ല. എന്നാലും അതിനുമുണ്ടൊരു ഗുണവശം. ഉപ്പിലിട്ട കണ്ണിമാങ്ങയും, കടുകുചേർത്ത മൂത്ത മാങ്ങയും വിശേഷമാണല്ലോ. കഠിനരോഗത്താൽ വലയുന്നവരും കടുകുമാങ്ങ കൊടുത്താൽ എണീററിരുന്നു കഞ്ഞി കുടിക്കും. ഈവകയെല്ലാം ഉത്തരഭാരതത്തിൽ അജ്ഞാതമാണു് അവിടേയും സാധുക്കൾ താണതരം മാങ്ങകൊണ്ടു് കറി ഉണ്ടാക്കാറുണ്ടു്; എന്നാൽ ഭേദപ്പെട്ടവർക്കു മാങ്ങ ഒരു പഴമായിട്ടേ അറിയപ്പെടുന്നുള്ളു.

മാങ്ങ പഴുക്കുന്ന കാലമാണു് ഈ ആരാമപ്രദേശത്തെ സുഭിക്ഷകാലം. ഫാൽഗുനമാസം (മേടം) അവസാനം മുതൽ ശ്രാവണമാസം (ചിങ്ങം) ആദ്യംവരെ മാമ്പഴമാണു് ഇവിടെ പലരുടെയും പ്രധാനമായ ഭക്ഷണം. പല ദിവസം മാമ്പഴം മാത്രം തിന്നു ജീവിക്കുന്നവർ ഇവിടെയുണ്ടു്. അതോടുകൂടി കുറേ പാലും കുടിക്കും. മാമ്പഴവും നറുംപാലും ചേർന്നാൽ അത്യുത്തമമായ ഭക്ഷണമായി. ഇങ്ങിനെ മാങ്ങ അതിയായി ഭക്ഷിക്കുന്ന കാലത്തു് അവർക്കു രോഗം ഉണ്ടാകുന്നില്ലെന്നു് മാത്രമല്ല, മുഖത്തു കൂടുതൽ രക്തപ്രസാദം വരുന്നുണ്ടെന്നും ദീർഘപരിചയമുള്ളവർ പറയുന്നു.

ഇന്ത്യയിൽ ഓരോരോ ഭാഗങ്ങളിൽ പ്രത്യേക ഗുണങ്ങളുള്ള മാമ്പഴങ്ങൾ ഉണ്ടു്. മൽഗോവ, അൽഫോൺസോ എന്നിവ ബോംബെ ഭാഗത്തും മാൽഡാ, ലാംഗ്ഡാ മുതലായവ ബങ്കാൾ, ബീഹാർ ദേശങ്ങളിലും, നീലം മുതലായവ തെന്നിന്ത്യയിലും കാണപ്പെടുന്നു. അനേക തരം മാമ്പഴമുള്ള യു. പി. പ്രവിശ്യയിൽ—അതിന്റെ കേന്ദ്രസ്ഥാനമായ ലക്നോവിൽ—ഒരു മാമ്പഴപ്രദർശനം സന്ദർശിക്കാൻ ഒരിക്കൽ എനിക്കിടയായി. അത്ഭുതാവഹമായ ഒരു കാഴ്ചയാണു് ഞാൻ കണ്ടതു്. നിറം, വലിപ്പം, ആകൃതി എന്നീ ധർമ്മങ്ങളിൽ വിഭിന്നങ്ങളായ അനവധി തരം മാമ്പഴങ്ങൾ അവിടെയുണ്ടായിരുന്നു. ഉരുണ്ടതും, പരന്നതും, ഗോളാകൃതിയിലുള്ളതുമായ മാങ്ങകൾ എത്രയെത്ര! തത്തച്ചുണ്ടുപോലെ വളഞ്ഞ ഒരു വിശേഷതരം മാങ്ങയും കണ്ടു. അയോദ്ധ്യയിലെ കുബേരന്മാർ, പ്രത്യേകിച്ചു് മുസ്ലീമുകൾ, വലിയ ചെലവുചെയ്തുണ്ടാക്കീട്ടുള്ള മാന്തോപ്പുകളിൽ പല പുതിയതരം മാങ്ങകൾ 'സൃഷ്ടി'ച്ചിട്ടുണ്ടു്. മുഗളന്മാരുടെ കാലത്തുണ്ടായിരുന്ന ഒരു ഭക്ഷണഭ്രമത്തിന്റെ അവശിഷ്ടമാണിതെന്നു തോന്നുന്നു. അഭിരമ്യമായ പൂച്ചെടികൾ മാത്രമല്ല, രുചിയുള്ള ഭക്ഷണസാധനങ്ങളും മുഗൾചക്രവർത്തിമാർ വിലമതിച്ചിരുന്നു.

കേരളക്കരയിൽ നല്ല മാമ്പഴം തുലോം കുറവാണു്. മാത്രമല്ല, നമ്മുടെ മാങ്ങകൾക്കു മററു പ്രദേശങ്ങളിലുണ്ടാകുന്നവയെക്കാൾ വലിപ്പവും സ്വാദും കുറവാണു്. ഇതിനു കാരണം മാമ്പഴക്കാലം തുടങ്ങി അധികം കഴിയുന്നതിനു മുൻപേ വന്നുചേരുന്ന കാലവർഷമായിരിക്കാം. സഹ്യപർവ്വതനിരയ്ക്കു കിഴക്കു കിടക്കുന്ന പ്രദേശങ്ങളിൽ കാലവർഷക്കാലത്തു മഴ കുറവാകയാൽ മാങ്ങവിളവിന്റെ കാലം നീണ്ടുനില്ക്കുന്നു. ഗംഗാതീരത്തിലും ഇങ്ങനെ തന്നെ. ബങ്കാളത്തു കാലവർഷം ശക്തിയായുണ്ടെങ്കിലും അതു മിഥുനം കഴിഞ്ഞാകയാൽ മാമ്പഴക്കാലം ദീർഘിച്ചുനിൽക്കുന്നു. സേലം മുതലായ പ്രദേശങ്ങളിൽനിന്നു വലിയ തരം മാങ്ങയുടെ അണ്ടി കേരളത്തിൽ കൊണ്ടുവന്നു പാകി വളർത്തിയാലും മാങ്ങ ഉണ്ടാകുമ്പോൾ വലിപ്പം കുറഞ്ഞു കാണുന്നു. കേരളത്തിലെ ചക്കയുടെ കാര്യം നേരേ മറിച്ചാണു്. സിലോണിലും ബങ്കാളത്തും ചക്ക ഉണ്ടാകുന്നുണ്ടെങ്കിലും, നമ്മുടെ നാട്ടിലെ ചക്കയുടേ രുചിവിശേഷം അവയ്ക്കൊന്നിനുമില്ല. തേനൊലുന്ന വരിക്കച്ചക്ക ആ പ്രദേശങ്ങളിൽ ഉണ്ടാകുന്നതേയില്ല. നേരത്തെ വന്നുചേരുന്ന നമ്മുടെ കാലവർഷം മാങ്ങയുടെ രുചിയും വലിപ്പവും കുറയ്ക്കുന്നെങ്കിൽ, നമ്മുടെ ചക്കയുടെ രുചിവിശേഷം വർദ്ധിപ്പിക്കുന്നതും അതു തന്നെയാണെന്നു കരുതി സമാശ്വസിച്ചുകൂടെ? കേരളത്തിലെ മാങ്ങ പുളി കൂടിയതാണെങ്കിലും നല്ല നൂറും ആഹാരഗുണവും ഉള്ളതാണു്. സർദാർ കെ. എം. പണിക്കർ ആഫ്രിക്കയിൽ ഒരിടത്തു കണ്ട വലിയ ഒരുതരം മാങ്ങയ്ക്കു പച്ചവെള്ളത്തിന്റെ രുചിയായിരുന്നെന്നു അദ്ദേഹത്തിന്റെ "ആപൽക്കരമായ യാത്ര"യിൽ കാണുന്നു. ഈ സ്ഥിതിക്കു നമ്മുടെ മാങ്ങയെ അത്ര അപലപിക്കാൻ കാരണമില്ല.

മാങ്ങ പഴുക്കുന്ന കാലം കുട്ടികൾക്കു വലിയ ഉത്സാഹമാണല്ലൊ. മുൻകാലങ്ങളിൽ വെളിപ്പറമ്പുകളിൽ നിൽക്കുന്ന മാവിൻചുവട്ടിൽ വീഴുന്ന മാങ്ങ ആർക്കും എടുക്കാമായിരുന്നു. മാവു് വസ്തുവുടമസ്ഥന്റേതുതന്നെയാണെങ്കിലും ഗൃഹ




ഗോബൽസ്: ബ്രിട്ടീഷുകാർക്കു പറക്കുന്ന ബോമ്പുകളെപ്പററി വിശ്വാസം വരുന്നില്ലല്ലൊ

സ്ഥാനങ്ങൾക്കു അടുത്തല്ലാത്ത മാവുകൾ പൊതുസ്വത്തായി കരുതപ്പെട്ടിരുന്നു. ഈ പതിവാണ് ഇന്നും വടക്കേ ഇന്ത്യയിൽ. എന്നാൽ കേരളത്തിൽ ജനപ്പെരുപ്പവും കയ്യാലയും വേലിയും ഉണ്ടാക്കാനുള്ള സൌകര്യവും കൊണ്ടു ഈ നില മാറപ്പോയിരിക്കുന്നു. അതിനാൽ സാധുക്കുട്ടികളുടെ നില ചങ്ങമ്പുഴയുടെ "വാഴക്കുല" എന്ന കവിതയിൽ പറയുന്നതുപോലെയാണ്. കായ് മൂക്കുന്നതുവരെ നോക്കിക്കൊണ്ടിരിക്കാം. മൂത്തുകഴിയുമ്പോൾ, ദൂരസ്ഥനായാലും ഉടമസ്ഥൻ കരസ്ഥമാക്കിക്കളയും. പൊതുസ്ഥലങ്ങളിലും, രാജവീഥികളിലും നിൽക്കുന്ന മാവുകളെങ്കിലും ലേലം ചെയ്തുകൊടുക്കാതെ പൊതുജനങ്ങൾക്കായി വിട്ടിരുന്നെങ്കിൽ പാവപ്പെട്ട കുട്ടികൾക്കു അതു ഒരനുഗ്രഹമായിരുന്നേനെ. മാങ്ങ പഴുത്തു വീഴുമ്പോൾ നിലത്തുനിന്നും ശേഖരിക്കയല്ലാതെ മരക്കൊമ്പിൽ നിന്നും പറിക്കുവാൻ ആർക്കും അവകാശമില്ലാതിരിക്കയും വേണം. അല്ലെങ്കിൽ കയ്യൂക്കുള്ളവൻ കാര്യക്കാരനായിത്തീരും.

മാമ്പഴം കത്തികൊണ്ടു വെടിപ്പായി തൊണ്ടു ചെത്തി പൂളിക്കണ്ടിച്ചു തിന്നുന്നവരോടു രണ്ടു വാക്കു പറയാനുണ്ട്. ഭക്ഷണം കഴിക്കുന്ന രീതിയെപ്പററി ചില ചിട്ടകൾ ബലമായി പിടിക്കുന്ന ഇംഗ്ലണ്ടിൽപോലും സാധാരണ ജനങ്ങൾ ആപ്പിൾപഴം തൊലിചെത്താതെ കടിച്ചുതിന്നുകയേ ചെയ്യു; ഇതു ആപ്പിൾ പഴത്തിൻെറ തൊലിയുടെ അടിഭാഗത്തു വിലയേറിയ പോഷകാംശമുള്ളതിനാലും ആ വിധം ഈമ്പിത്തിന്നുന്നതു ദഹനത്തിനനുകൂലമാകയാലുമാണ്. നമ്മുടെ പൂർവ്വന്മാർ മാങ്ങ തിന്നിരുന്നതും ഞെട്ടു കടിച്ചുകളഞ്ഞു നീരു വായകൊണ്ടു ഈമ്പിക്കുടിച്ചാണ്.

മററു ദേശങ്ങളിൽ വിശേഷിച്ചു ആന്ധ്രദേശത്തു പരിഷ്കാരികൾപോലും ഇങ്ങനെയാണിന്നും മാങ്ങ തിന്നുന്നതു്. ഒരിക്കൽ വിശാഖപട്ടണത്തിൽ, സർ സി. ആർ. റെഡ്ഡിയുടെ വസതിയിൽവെച്ചു ഒരു ഭക്ഷണത്തിൽ സംബന്ധിച്ചപ്പോഴാണ് എനിക്കിതു ബോധ്യമായതു്. റെഡ്ഡി ഒരു മാമ്പഴഭ്രമിയാണെന്നും അന്നെനിക്കു മനസ്സിലായി. തെലുങ്കർ മാമ്പഴനീർ വലിച്ചുകുടിച്ചുകൊണ്ടു ചോറുണ്ണുക സാധാരണമാണ്. എൻെറ ചെറുപ്പകാലത്തു ഇതു എൻേറയും പതിവായിരുന്നു. എന്നാൽ നഗരങ്ങളിൽ പോയി ഹോട്ടലുകളിൽ ജീവിതം തുടങ്ങിയപ്പോൾ ഈ പരിഷ്കാരം എന്നേയും ബാധിച്ചു, മാമ്പഴത്തിൻേറയും ആപ്പിളിൻേറയും സാരമായ ഭാഗം ഞാനും കളഞ്ഞുതുടങ്ങി. എന്നാൽ വിശാഖപട്ടണത്തിലെ അനുഭവം കണ്ടശേഷം ‘പരിഷ്കാര’ത്തോടു എതിരിടാൻ എനിക്കു ധൈര്യംവന്നു.

പശുക്കൾക്കും ആനകൾക്കും നാം പേരുകൾ കൊടുക്കാറുണ്ടല്ലോ—‘വെളുമ്മപ്പശു’, ‘മണികണ്ഠൻ ആന’ എന്നിങ്ങനെ. ഇതുപോലെ ദീർഘകാലം നമ്മുടെ ഗൃഹസമീപത്തുനിന്നു വർഷംതോറും മധുരഫലം തരുന്ന മാവുകൾക്കും ചേർന്ന പേരുകൾ കൊടുക്കാറുണ്ടായിരുന്നു. “വാഴപ്പൊത്തി”, “ശർക്കരയാൻമാവ്” എന്നീ പേരുകൾ എൻെറ ഓർമ്മയിൽ ഇന്നും നിൽക്കുന്നതു് ആ വയസ്സൻമാവുകൾ തന്നിരുന്ന തേൻമാമ്പഴം കൊണ്ടാണ്. എൻെറ ഒരു പ്രപിതാമഹൻ നൂറുകൊല്ലം മുമ്പൊ മററൊ മൈലാപ്പൂരിൽ പുണ്യയാത്ര പോയ വഴിക്കു സ്ഥലത്തുനിന്നോ മറേറാ കൊണ്ടുവന്ന മാങ്ങയണ്ടിയിൽനിന്നുണ്ടായതാണ് അതിലൊന്നു. അതിനാൽ “മൈലാപ്പൂമാവെ”ന്നു സാമാന്യസംജ്ഞ. ഇങ്ങനെ ഇരുനൂറോ നൂററൊ വയസ്സു പ്രായമുള്ള ഒരു വയസ്സൻമാവിനു വ്യക്തിത്വം നൽകി ബഹുമാനിക്കുന്നതിൽ വലിയ ന്യായക്കേടില്ല. മനുഷ്യൻ നൂറുവർഷംപോലും ജീവിക്കുന്നില്ലല്ലോ. എന്നാൽ മാവിനു നൂറുവർഷം അസാധാരണമല്ല. മനുഷ്യർ മിക്കവരും തങ്ങൾക്കായിത്തന്നെ ജീവിക്കുന്നു. മാവോ, വർഷംതോറും പഴംപേറി സമീപസ്ഥർക്കു മുഖംനോക്കാതെ പ്രദാനം ചെയ്യുന്നു. ഹാ! എൻെറ ‘വാഴപ്പൊത്തി’മാവ് ചീക്കുവേയും കോന്തനേയുംകാൾ എത്ര മേൽപ്പടിയിൽ നിൽക്കുന്നു! മനുഷ്യനു ഓടി നടക്കാമെന്നുമാത്രം; മാവ് നിൽക്കുന്നിടത്തു നിന്നുകൊണ്ടു എത്ര ശ്രേഷ്ഠമായ ജീവിതം നയിക്കുന്നു. നല്ല മാവുകൾ നിന്നിടത്തു അവയുടെ സ്മരണക്കായി വലിയ സ്തംഭങ്ങൾ നാട്ടേണ്ടതാവശ്യമല്ലെ? എന്നാൽ കൃതഘ്നനായ മനുഷ്യൻ—!!

(മംഗളോദയം.)

PRINTED BY THE SUPERINTENDENT, GOVERNMENT PRESS AND PUBLISHED BY THE DIRECTOR OF WAR PUBLICITY, "VICTORY HOUSE", MOUNT ROAD, MADRAS.